പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3630 12.12.2014 - ൽ മറുപടിയ്ക്ക്

**പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നല്കിവരുന്ന ധനസഹായങ്ങൾ**

ചോദ്യം

ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഷ്ടപ്പെടുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുമായി സാമൂഹ്യനീതി വകുപ്പ് മുഖേന എന്തെല്ലാം ധന സഹായങ്ങളാണ് ഇപ്പോൾ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | കഷ്ടപ്പെടുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുമായി ചുവടെ പറയുന്ന ധനസഹായപദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>**ക്യാൻസർ സുരക്ഷാ പദ്ധതി**<br>ദീർഘകാല ചികിത്സ ആവശ്യമായ കുഞ്ഞുങ്ങളിലെ ക്യാൻസർ രോഗത്തിന് ശരിയായ ചികിത്സയും പരിചരണവും യഥാസമയം നൽകിയാൽ പൂർണ്ണമായും സുഖപ്പെടുത്താവുന്നതാണെന്ന് കണ്ടെത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 18 വയസ്സ് വരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ, തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണിത്.<br>**താലോലം പദ്ധതി**<br>ജനിതകരോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സിനു താഴെയുള്ള കുട്ടികളെ മോചിതരാക്കി ആരോഗ്യമുള്ളവരാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ മേഖലയിലുള്ള 15 ആശുപത്രികളിലൂടെ ലബോറട്ടറി പരിശോധന, മരുന്ന്, സർജറി എന്നിവ പൂർണ്ണമായും സൗജന്യമായി പരിധി നിശ്ചയിക്കാതെയുള്ള ചികിത്സാ സഹായം നൽകുന്നു.<br>**ആശ്വാസകിരണം പദ്ധതി**<br>തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരെയും |

| | | | |
|---|---|---|---|
| | | | സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മാനസിക രോഗങ്ങൾ, ഓട്ടിസം എന്നീ വൈകല്യങ്ങളാൽ കഴിയുന്നവരെയും പരിചരിക്കുന്നവർക്ക് ചെറിയൊരു ആശ്വാസം നൽകുകയെന്ന ഉദ്ദേശത്തോടെ പ്രതിമാസം 525/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി.<br>**<u>സ്നേഹസാന്ത്വനം പദ്ധതി</u>**<br>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ, കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന, തൊഴിലിൽ ഏർപ്പെടാൻ സാധിക്കാത്തവരെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ധനസഹായം നൽകി വരുന്നു. എൻഡോസൾഫാൻ ബാധിതരും ശയ്യാവലംബരുമായ വികലാംഗ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താവിന് 2200/- രൂപയും പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും മറ്റ് രോഗബാധിതരായവർക്ക് 1200/- രൂപ വീതവും പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നു.<br>**<u>എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി</u>**<br>ഈ പദ്ധതിയിൽ 1 മുതൽ 7- വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപയും, 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3000/- രൂപയും +1,+2 ക്ലാസ്സിൽ പഠിക്കുന്നവർക്ക് 4000/- രൂപയും വീതം പ്രതിവർഷം ധനസഹായം നൽകി വരുന്നു.<br>**<u>സ്നേഹസ്പർശം</u>**<br>ചൂഷണത്തിനു വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവരെ പുനരധിവസിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കി വരുന്ന സ്നേഹസ്പർശം പദ്ധതിയിലൂടെ 1000/- രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | പ്രതിമാസ ധനസഹായം നൽകി വരുന്നു.<br>**<u>ശ്രുതി തരംഗം പദ്ധതി</u>**<br>ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്നു.<br>**<u>സ്നേഹപൂർവ്വം</u>**<br>മാതാപിതാക്കൾ രണ്ടുപേരും മരിച്ചു പോവുകയോ ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതി ഇല്ലാതാകുകയും ചെയ്യുന്ന വീടുകളിലെ കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശത്തോടെ ഇവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി.<br>**<u>സമാശ്വാസം</u>**<br>സംസ്ഥാനത്ത് വൃക്ക തകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബങ്ങളിൽപെട്ട രോഗികൾക്ക് 1100/- രൂപ നിരക്കിൽ നൽകുന്ന പ്രതിമാസ ധനസഹായ പദ്ധതി. കൂടാതെ സംസ്ഥാനത്ത് വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1000/-രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഹീമോഫീലിയ രോഗികൾക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.<br>**<u>'പ്രത്യാശ' വിവാഹധനസഹായ പദ്ധതി</u>**<br>മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സുമായി ചേർന്ന് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിക്കുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതി.<br>**<u>സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഫോർ ഡിസബിലിറ്റീസ് പദ്ധതി</u>**<br>വൈകല്യ പ്രതിരോധം, കണ്ടുപിടിയ്ക്കൽ, ഇടപെടൽ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലയിൽ ഊന്നൽ നൽകുന്നത് ഉദ്ദേശിച്ചുള്ള പ്രത്യേക പദ്ധതിയാണിത്. |
| (ബി) | ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ ഏതെല്ലാം; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ശ്രുതിതരംഗം പദ്ധതി<br>2. സമാശ്വാസം പദ്ധതി<br>3. സ്നേഹപൂർവ്വം പദ്ധതി<br>4. സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസബിലിറ്റീസ്<br>5. പ്രത്യാശ വിവാഹധനസഹായ പദ്ധതി |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ധനസഹായം വർദ്ധിപ്പിച്ചത് ഏതെല്ലാം പദ്ധതികൾക്കാണ് എന്ന് വ്യക്തമാക്കുമോ? | (സി) | <u>സ്നേഹസ്പർശം</u> - 300/- രൂപ നിരക്കിലുണ്ടായിരുന്ന ധനസഹായം 1000/- രൂപയായി വർദ്ധിപ്പിച്ചു.<br>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി 1-7,8-10, +1,+2 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 1000/-,2000/-,3000/- നിരക്കിൽ അനുവദിച്ചിരുന്ന ധനസഹായം യഥാക്രമം 2000/-,3000/-,4000/- എന്നീ നിരക്കുകളിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.<br><u>ആശ്വാസകിരണം</u> - 300/- രൂപ നിരക്കിൽ നൽകി വന്നിരുന്ന പ്രതിമാസ ധനസഹായം 400/- രൂപയായും പിന്നീട് 525/- രൂപയായും വർദ്ധിപ്പിച്ചു.<br><u>സ്നേഹസാന്ത്വനം പദ്ധതി</u><br>എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്ന വികലാംഗപെൻഷൻ ലഭിക്കാത്തവർക്ക് നൽകുന്ന ധനസഹായം 2000/- രൂപയിൽ നിന്നും 2200/- രൂപയായും എൻഡോസൾഫാൻ ദുരിതബാധിതരിൽ രോഗികളായ |

| | | | |
|---|---|---|---|
| | | | മറ്റുള്ളവർക്ക് നൽകുന്ന പ്രതിമാസ ധനസഹായം 1000/- രൂപയിൽ നിന്നും 1200/- രൂപയായും വർദ്ധിപ്പിച്ചു. |

സെക്ഷൻ ഓഫീസർ